# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4901  22.05.2017 ൽ മറുപടിക്ക്**

**റോഡുകളിലെ കുഴികൾ യഥാസമയം അടയ്ക്കാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് റോഡുകളിൽ ഉണ്ടാകുന്ന ചെറിയ കുഴികൾ വലിയകുഴികളായി രൂപാന്തരപ്പെടാൻ അനുവദിക്കാതെ യഥാസമയം അടയ്ക്കുന്ന തരത്തിൽ മരാമത്ത് സംവിധാനം പുനക്രമീകരിക്കുമോ; | എ) | ദേശീയപാത വിഭാഗത്തിൽ നിരത്തുകളിൽ ചെറിയ കുഴികൾ രൂപം കൊള്ളുമ്പോൾ തന്നെ ഇൻസ്റ്റന്റ് ബിറ്റുമിൻ മിക്സ് ഉപയോഗിച്ച് യഥാസമയം തന്നെ കുഴികൾ അടയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കാറുണ്ട്.<br>സംസ്ഥാനത്ത് റോഡുകളിൽ ഉണ്ടാകുന്ന കേടുപാടുകളെകുറിച്ച് റിപ്പോർട്ട് ലഭിക്കുന്ന തനുസരിച്ച് അവ യഥാസമയം പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ ഡിസ്ട്രിക്റ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച റോഡുകൾ പരിശോധന നടത്തിയശേഷം അസി.എഞ്ചിനീയർ/അസി.എക്സി. എഞ്ചിനീയർ മുഖേന നൽകുന്ന റിപ്പോർട്ടുകൾ ഈ ഡിസ്ട്രിക്റ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിച്ച് നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകി യഥാസമയം തന്നെ പണി പൂർത്തീകരിച്ച് വരുന്നുണ്ട്. |
| ബി) | റോഡുകളിൽ ചെറിയ കുഴികൾ | ബി) | റോഡുകളിലുണ്ടാകുന്ന കേടുപാടുകൾ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ |

| | | | |
|---|---|---|---|
| | ഉണ്ടാകുമ്പോൾ തന്നെ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ; | | അറിയിക്കുന്നതിനായി ഒരു കാൾ സെന്റർ സംവിധാനം പ്രവർത്തിച്ചു വരുന്നു. 1800 425 7771 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് പരാതികൾ അറിയിക്കാവുന്നതാണ്. ഇത് കൂടാതെ കത്ത് മുഖേനയോ, ഫോൺ മുഖേനയോ, ഇ-മെയിൽ വഴി അതാത് ഭാഗത്തെ അസി.എക്സി.എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവരെ അറിയിക്കാവുന്നതാണ്. |
| സി) | മഴക്കാലത്തിന് മുമ്പായി റോഡ് വശങ്ങളിലുള്ള ഓടകളിലും കലുങ്കുകളിലും മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | മഴക്കാലത്തിന് മുൻപായി റോഡുകളിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിനും കലുങ്കുകളിൽ മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി മഴവെള്ളം ഒഴുകി പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 14 ജില്ലകൾക്കും മഴക്കാലപൂർവ്വ പ്രവർത്തികൾക്ക് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി മുഖേന നോൺ പ്ലാൻ ഫണ്ടിൽ തുക അനുവദിച്ച് പ്രസ്തുത പ്രവർത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ എല്ലാം തന്നെ 2017 മേയ് മാസം 31-ാം തീയതിക്ക് മുമ്പായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ